പുകയില ലൈസൻസ്സ്

*വ ൭൫. (൯) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പുകയിലവില്പന ലൈസൻസ്സുകൾ എന്നാണു് ഐക്യസംസ്ഥാനത്തിൽ കൊടുത്തു തുടങ്ങിയതു്;

(ബി) ഏതെല്ലാം തരത്തിലുള്ള ലൈസൻസ്സുകളാണു് കൊടുത്തിട്ടുള്ളതു്;

(സി) എല്ലാത്തരം ലൈസൻസ്സുകളും ഒരു തീയതിക്കു് കൊടുത്തുവോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണു്?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പു് മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ൧൯൫൦ ആഗസ്റ്റു് ൧൦-ാംനു- മുതൽ.

(ബി) എ. ബി. സി. എന്നു് മൂന്നുതരം ലൈസൻസ്സുകൾ.

(സി) ഇല്ല.

(ഡി) എ-യും ബി-യും ക്ലാസ്സു് ലൈസൻസ്സുകളുടെ എണ്ണം വളരെ കുറവായിരുന്നതിനാൽ അവ വേഗം കൊടുക്കപ്പെട്ടു. സി. ക്ലാസ്സു് ലൈസൻസ്സുകളുടെ എണ്ണം എ-യും ബി-യും ക്ലാസ്സുകളെ അപേക്ഷിച്ചു വളരെ കൂടുതലായിരുന്നതിനാൽ ഒരേതീയതിയിൽ മൂന്നുതരം ലൈസൻസ്സുകളും കൊടുക്കാൻതക്ക സമയമില്ലായിരുന്നു.

പുകയില ലൈസൻസ്സ്

*വ ൭൬. (൧൦) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു് വകുപ്പു് മന്ത്രി സദയം മറുപടി പറയുമോ.—

(എ) പുകയില ലൈസൻസ്സുകൾ കൊടുത്ത ഓരോ ക്ലാസ്സുകളിലും എത്ര ഉറപ്പിക ൧൯൫൦ സെപ്തംബർമാസം ൧൫-ാംനു-വരെ ഗവൺമെണ്ടിലേക്കു് ലഭിച്ചിട്ടുണ്ടു്;

(ബി) പുകയിലക്കുപ്പു് ലേലവും ലൈസൻസിംഗു് സിസ്റ്റവുമായി ഗവൺമെണ്ടു് വരുമാനത്തിൽ എത്ര വ്യത്യാസം വന്നിട്ടുണ്ടു്;

(സി) താരതമ്യേന രണ്ടും ഒരേതരത്തിലുള്ള പിരിവു് റവന്യൂവിൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാമോ?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) എ. ക്ലാസ്സു് ലൈസൻസുഫീസു് ——൨,൫൫൫,൦൦൦ രൂപാ.
ബി. ക്ലാസ്സു് ,, ൫,൦൪,൫൦൦ ,,
സി. ക്ലാസ്സു് ,, ൨,൨൪,൫൫൦ ,,

(ബി) പുകയിലക്കുപ്പു് ലേലത്തിനുപകരം ലൈസൻസിംഗു് സിസ്റ്റം നടപ്പിലാക്കിയതുകൊണ്ടു് ഗവൺമെണ്ടിന്റെ വരുമാനത്തിൽ ഉദ്ദേശം ഒരു ലക്ഷം രൂപയുടെ കുറവുവന്നിട്ടുണ്ടു്.

(സി) പാടില്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: പുകയിലയ്ക്കു് ലൈസൻസ്സുഫീസു് കൂടാതെ ടാക്സ്സു് ഈടാക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ: ലൈസൻസ്സ് ഫീസ്സു കൂടാതെ സെയിൽസ് ടാക്സ് ഈടാക്കുന്നുണ്ട്. അതല്ലാതെ സെസ്സൊന്നും ഈടാക്കുന്നില്ല.

ഫാമിലി പെൻഷൻ

t*വ ൧൩. (൧൧) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി സദയം മറുപടി പറയുമോ.—

സർക്കാർ ജീവനക്കാർക്കു ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ ജീവാപായം വന്നാൽ ഫാമിലി പെൻഷൻ കൊടുക്കുന്ന സമ്പ്രദായം ഉണ്ടോ?

ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): സർവ്വീസിലിരിക്കുമ്പോൾ ജീവാപായം ഉണ്ടാകുന്ന സർക്കാർ ജീവനക്കാരുടെ കുടുംബത്തിനു് പെൻഷൻ കൊടുക്കുന്ന പതിവു് ഇല്ല. എന്നാൽ അപ്രകാരം സംഭവിക്കുന്ന ചില അവസരങ്ങളിൽ ജീവനക്കാരുടെ കുടുംബത്തിന്റെ നിലനിൽപ്പു തുടങ്ങിയ ചില പ്രത്യേക പരിതസ്ഥിതികളിൽ ഗവണ്മെണ്ടു് ഫാമിലി പെൻഷൻ മുതലായവ കൊടുക്കാറുണ്ടു്.

എൻ. ജി. ഓ.മാർ

*വ ൧൬.(൧൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജു വഹിക്കുന്ന മന്ത്രി സദയം മറുപടി നല്കുമോ.—

(എ) റജിസ്ട്രേഷൻ ഡിപ്പാർട്ടുമെണ്ടിൽ എൻ. ജി. ഒ. മാർ തിരുവിതാംകൂർ ഡിവിഷനിൽ എത്ര; കൊച്ചി ഡിവിഷനിൽ എത്ര;

(ബി) രജിസ്ട്രേഷൻ ഡിപ്പാർട്ടുമെണ്ടിൽ ഓ കൊല്ലവും അതിൽ കൂടുതലും സർവ്വീസുള്ള എൻ. ജി. ഒ. മാർ തിരുവിതാംകൂർ ഡിവിഷനിൽ എത്ര; കൊച്ചിൻ ഡിവിഷനിൽ എത്ര: ഇതിൽ സ്ഥിരം, ടെമ്പററി, അക്കിംഗ് എത്രവീതം;

(സി) അഞ്ചുകൊല്ലവും അതിൽ കൂടുതലും സർവ്വീസുള്ളവരെ, തിരുവിതാംകൂർ ഡിവിഷനിൽ സ്ഥിരപ്പെടുത്താതിരിക്കുവാൻ കാരണം എന്തെന്നു പറയുമോ?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയം ഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) തിരുവിതാംകൂറിൽ ൯൯൯.
കൊച്ചിയിൽ ൧൯൯.

(ബി) തിരുവിതാംകൂറിൽ ൫൫൯. അതിൽ സ്ഥിരപ്പെടുത്തിയതു് ൪൫൧, ടെമ്പററി ൧൯൦, അക്കിംഗ് ൫൩. കൊച്ചിയിൽ ൧൭൫. അതിൽ സ്ഥിരപ്പെടുത്തിയതു് ൧൯൨, ടെമ്പററി ൧൯, അക്കിംഗ് ൯.

(സി) ഡിപ്പാർട്ടുമെണ്ടു് ജീവനക്കാരുടെ ഗ്രേഡേഷൻ ലിസ്റ്റു് ഗവണ്മെണ്ടിന്റെ പരിഗണനയിൽ ഇരിക്കുന്നതുകൊണ്ടു് ൧൯൫൫ ജൂലായി ൧-നു-ശേഷം ആരെയും സ്ഥിരപ്പെടുത്തരുതെന്നു് ഗവണ്മെണ്ടിൽനിന്നും ഉത്തരവു് കൊടുത്തതനുസരിച്ചു് സ്ഥിരപ്പെടുത്തലുകൾ നടന്നിട്ടില്ല.

t Answer to this question was laid on the table, the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly